**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6342** **10-11-2021 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിലെ മാലിന്യ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആധുനിക രീതിയിലുള്ള മാലിന്യ സംസ്കരണ പദ്ധതികളുടെ അഭാവം വിനോദസഞ്ചാര മേഖലയുടെ നിലനില്പിന് വെല്ലുവിളി ഉയർത്തുന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) | ഇതിനു പരിഹാരമായി എന്തെല്ലാം കർമ്മ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും അവ നടപ്പിലാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ? | (ബി) | ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിയതാണ് ഗ്രീൻ ഗ്രാസ്സ് പദ്ധതി വഴിയുള്ള മാലിന്യ നിർമ്മാർജ്ജനം. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 79 വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യവിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ 4.79 കോടി രൂപയുടെ ഗ്രീൻ ഗ്രാസ്സ് പദ്ധതിക്ക് അനുമതി നൽകി. പ്രസ്തുത കേന്ദ്രങ്ങളിലെ ജൈവ -അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ജൈവ മാലിന്യങ്ങൾ ഏറോബിക് സാങ്കേതികത്വം വഴി പ്രവർത്തിക്കുന്ന ബിന്നുകളിൽ നിക്ഷേപിച്ചു ജൈവവളമാക്കി മാറ്റുകയും, അജൈവ മാലിന്യങ്ങൾ ശേഖരണ ബിന്നുകളും ബൂത്തുകളും ഉപയോഗിച്ച് തരം തിരിച്ചു ശേഖരിച്ച് അവയെ പിന്നീട് കൃത്യമായ ഇടവേളകളിൽ, പുനഃചംക്രമണത്തിനും മറ്റും ഉപയോഗപ്പെടുന്നതിലേക്കായി അതാതു തദ്ദേശസ്ഥാപനങ്ങളുടെ എം.സി.എഫ്. (Material collection Facility) -ലേക്ക് എത്തിച്ചു നൽകാനും ഉദ്ദേശിച്ചുള്ളതാണ് പദ്ധതി. ഇത് പ്രകാരം 29 കേന്ദ്രങ്ങളിലെ ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവൃത്തികൾ പൂർത്തികരിച്ചു. ബാക്കിയുള്ളവ പൂർത്തിയായി വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം സാധ്യമാകുന്നതാണ്. ഇതു കൂടാതെ കാസർഗോഡ് ജില്ലയിലെ ബേക്കൽ ടൂറിസം പദ്ധതിയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി 98.33 ലക്ഷം രൂപയുടെ |

| | | | |
|---|---|---|---|
| | | | പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ